# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2024.** **15.07.2016 ന് മറുപടിയ്ക്ക്**

## വ്യാജമദ്യം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ 2016 ൽ വ്യാജ മദ്യം പിടികൂടിയ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ആരെയെ ങ്കിലും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ 2016 ൽ വ്യാജ മദ്യം പിടികൂടിയതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 23 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 19 ആളുകളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. |
| (ബി) | അനധികൃതമായി മദ്യം കടത്തിയതു മായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | അനധികൃതമായി മദ്യം കടത്തിയതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 2016 ൽ എക്സൈസ് വകുപ്പ് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 3 ആളുകളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 21.45 ലിറ്റർ ഇതര സംസ്ഥാന മദ്യം തൊണ്ടിയായി പിടിച്ചെടുത്തിട്ടുള്ളതുമാണ്. |
| (സി) | വ്യാജ മദ്യം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | വ്യാജ മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും കടത്തും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും എക്സൈസ് വകുപ്പ് നടപ്പാക്കിയിട്ടുള്ളതാണ്. ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും തുടർച്ചയായ പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും എല്ലാ മേഖലകളിലും നടത്തി വരുന്നതും മേൽപ്രകാരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകളും ബോർഡർ പട്രോളിംഗ് യൂണിറ്റുകളും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. എക്സൈസ് ഇന്റലിജൻസ് വിഭാഗവും , ഷാഡോ എക്സൈസ് വിഭാഗവും, എക്സൈസ് കമ്മീഷണറുടെ സ്ക്വാഡും രഹസ്യ നിരീക്ഷണങ്ങളും കർശന പരിശോധനകളും നടത്തുന്നു. വ്യാജ മദ്യം തടയുന്നതിന് ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ